5. പാലക്കാട് - കോഴിക്കോട്
6. കൊല്ലം - ചെങ്കോട്ട
7. അങ്കമാലി-ചെങ്കോട്ട-തിരുനൽവേലി
8. എഴിമലയെ ദേശീയപാത 17-മായി ബന്ധിപ്പിക്കുന്ന ലിങ്ക് റോഡ്. ഇവയിൽ കോഴിക്കോട് - മൈസൂർ, പാലക്കാട് - കോഴിക്കോട്, കൊല്ലം- ചെങ്കോട്ട എന്നീ റോഡുകൾ ഇതിനകം കേന്ദ്ര ഗവൺമെന്റ് ദേശീയപാതകളായി പ്രഖ്യാപിച്ചിട്ടുണ്ട്.

(സി)

ദേശീയപാത	47	-	416.80 കി.മീ.
ദേശീയപാത	17	-	420.80 കി.മീ.
ദേശീയപാത	49	-	167.60 കി.മീ.
ദേശീയപാത	47എ	-	5.90 കി.മീ.
ദേശീയപാത	208	-	81 കി.മീ.
ദേശീയപാത	212	-	117.00 കി.മീ.
ദേശീയപാത	213	-	141.00 കി.മീ.

(ഡി) സംസ്ഥാനത്തെ ഹൈവേകൾക്ക് ചുരുങ്ങിയത് 30 മീറ്റർ വീതിയിൽ സ്ഥലം വേണമെന്നാണ് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ ബൈപാസ്സുകൾ വരുന്ന ഭാഗങ്ങളിൽ ഇത് 45 മീറ്റർ ആണ്.

(ഇ) ദേശീയപാത 47-ൽ തിരുവനന്തപുരം രണ്ടാംഘട്ടം ഒഴിച്ച് ബാക്കി ഭാഗത്ത് നിർദ്ദിഷ്ട വീതിയിൽ സ്ഥലമെടുപ്പ് നടത്തിയിട്ടുണ്ട്. ദേശീയപാത 17-ൽ 132 കിലോമീറ്റർ നീളത്തിൽ നിർദ്ദിഷ്ട വീതിയിൽ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. ദേശീയപാത 47 എയിൽ 5.9 കി.മീ. ദൂരവും നിഷ്കർഷിച്ചിട്ടുള്ള വീതിയിൽ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. ബാക്കി ദേശീയപാതകളിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിച്ചിട്ടില്ല.

(എഫ്) ദേശീയപാത 17-ൽ വടകര, ദേശീയപാത 47-ൽ കൊച്ചി, ആലുവ, ചാലക്കുടി, തൃശ്ശൂർ, പാലക്കാട് എന്നീ ബൈപ്പാസുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

റെയിൽവേ സുരക്ഷയ്ക്ക് റെയിൽവേ മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിന് പദ്ധതി

117 (2097) ശ്രീ. സി കെ. രാജേന്ദ്രൻ :
ശ്രീ. സി. പി. ബാലൻ വൈദ്യർ :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. വി. കെ. ചന്ദ്രൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റെയിൽവേ സുരക്ഷാ പ്രവർത്തനങ്ങൾക്ക് റെയിൽവേ മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിനായി സർക്കാർ എന്തെങ്കിലും പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) കോഴിക്കോട് - കണ്ണൂർ റെയിൽവേ ലൈനിലെ ലെവൽ ക്രോസ്സുകളുടെ പണിയാരംഭിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ ഏതെല്ലാം ലെവൽക്രോസ്സുകളുടെ പണിയാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത് ;

(ഇ) ഇവയുടെ പണി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

(എഫ്) ഏതെല്ലാം പട്ടണങ്ങളിലെ മേൽപ്പാലം പണിയുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) ദേശീയപാതയിൽ നിലവിലുള്ള മുഴുവൻ ലവൽ ക്രോസിംഗുകളിലും സംസ്ഥാന പാതകളിൽ ട്രെയിൻ-വാഹന അനുപാതം ഒരു ലക്ഷം യൂണിറ്റിൽ കൂടുതലുള്ള ലവൽ ക്രോസിംഗുകളിൽ ചെവലു പങ്കിടൽ അടിസ്ഥാനത്തിൽ ഘട്ടംഘട്ടമായി മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിനായി പദ്ധതികൾക്ക് രൂപം നൽകിവരുന്നു. ഈ മേൽപാലങ്ങളുടെ പണി റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷൻ മുഖേന ചെയ്യാനാണ് ഉദ്ദേശിക്കുന്നത്.

(സി-ഇ) നാഷണൽ ഹൈവേയിൽ 8 (എട്ട്) ലവൽ ക്രോസിഗുകൾ നിലവിലുണ്ട്. സംസ്ഥാനപാതയിൽ പുതിയങ്ങാടി - പുതിയാപ്പ ലവൽക്രോസിംഗിന്റെ പണി തുടങ്ങുന്നതിനുള്ള തുക റെയിൽവേക്ക് കൊടുത്തിട്ടുണ്ട്. പണി തുടങ്ങിയിട്ടില്ല.

(എഫ്) ദേശീയപാതയിൽ

1. പട്ടണക്കാട്
2. പള്ളിക്കര
3. ചൊവ്വ
4. നടാൽ
5. മുഴുപ്പിലങ്ങാട്
6. നാന്ദി
7. ചെങ്കോട്ടുകാവ്
8. വെങ്ങോലി
9. വെങ്ങളം
10. ചോറോട്
11. ഇടപ്പള്ളി
12. കല്ലംതാഴം

LIBRARY ARCHIVES Kerala Legislative Assembly

13. ചാക്ക എന്നീ സ്ഥലങ്ങളിലും സംസ്ഥാന പാതയിൽ കോഴിക്കോട് പന്നിയങ്കര, വെസ്റ്റ്ഹിൽ, മീൻചന്ത, ഫറോക്ക് കണ്ണൂരിൽ പാപ്പിനിശ്ശേരി, വെങ്ങര, കാസർഗോഡ്, തൃക്കരിപ്പൂർ, ചെറുവത്തൂർ സ്റ്റേഷനിടയിൽ പീലിക്കോട്ടും മലപ്പുറത്ത് പരപ്പനങ്ങാടിയിലും പാലക്കാട് ഠൗണിൽ വിക്ടോറിയ ഹോസ്പിറ്റൽ റോഡിനും ബി.ഒ.സി. റോഡിനേയും ബന്ധിപ്പിച്ചുകൊണ്ടും മേൽപ്പാലം പണിയാനുദ്ദേശമുണ്ട്.

തൃശ്ശൂർ വിളപ്പായിൽ ലെവൽക്രോസിന് മേൽപ്പാലം പണിയാൻ നടപടി

118 (2098) ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ നിന്നും മെഡിക്കൽ കോളേജിലേക്കുള്ള റോഡിൽ വിളപ്പായിയിൽ ലെവൽ ക്രോസിന് മേൽപ്പാലം ഇല്ലാത്തത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇവിടെ മേൽപ്പാലം പണിയാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ഡി) മേൽപ്പാലം പണി എന്നേക്ക് തുടങ്ങുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി-ഡി) ഇതിനുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

വടക്കാഞ്ചേരി റെയിൽവേ മേൽപ്പാലം

119 (2099) ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടക്കാഞ്ചേരി റെയിൽവേ മേൽപ്പാലം പണിയുന്നത് സംബന്ധിച്ച് റെയിൽവേ വകുപ്പിൽ നിന്ന് എന്തെങ്കിലും നിർദ്ദേശം സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(ബി) വടക്കാഞ്ചേരി റെയിൽവേ മേൽപ്പാലം കോസ്റ്റ് ഷെയറിംഗ് പദ്ധതി പ്രകാരം പണി നടത്തുന്നതിനായി റെയിൽവേക്ക് സർക്കാർ അപേക്ഷ നൽകിയിട്ടുണ്ടോ ;

(സി) ഈ പദ്ധതി ഡിപ്പോസിറ്റ് സ്കീം പ്രകാരം ആരംഭിക്കണമെന്ന് റെയിൽവേ നിർദ്ദേശിച്ചിട്ടുണ്ടോ ;

(ഡി) റെയിൽവേയുടെ ഈ വർഷത്തെ വർക്ക് പ്രോഗ്രാമിൽ ഈ പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly